(സി) കേന്ദ്ര വനം. പരിസ്ഥിതി മന്ത്രാലയത്തിന്റെയും കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന്റെയും ഒരു സംയുക്ത സമിതി 2010 ജൂലൈ 2 മുതൽ 5 വരെയുള്ള തീയതികളിൽ സംസ്ഥാനം സന്ദർശിച്ച് ഈ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തുകയുണ്ടായി. നിയമം നടപ്പിലാക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ സമിതിയെ ധരിപ്പിച്ചിട്ടുണ്ട്.

(ഡി) വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലെ ആദിവാസികൾക്ക് നിർവ്വചനം നൽകി 9-6-2008-ൽ പുറപ്പെടുവിച്ച കത്തും വനേതര ആവശ്യങ്ങൾക്ക് വനഭൂമി വിനിയോഗിക്കുന്നത് സംബന്ധിച്ച് 2009 മേയ് 18-ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചില നടപടി ക്രമങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

പാലക്കാട് കാറ്റാടി കമ്പനിക്കായി ആദിവാസികളുടെ ഭൂമി കൈവശപ്പെടുത്തിയ സംഭവം

88(2340) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾ ക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് കാറ്റാടി കമ്പനിക്കായി ആദിവാസികളുടെ ഭൂമി കൈവശപ്പെടുത്തിയ സംഭവത്തിൽ സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി എന്തൊക്കെ വസ്തുതകളാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) വ്യാജരേഖകളും കൃത്രിമ മാർഗ്ഗങ്ങളും ഉപയോഗിച്ചാണ് കമ്പനി ആദിവാസി ഭൂമി കൈവശപ്പെടുത്തിയതെന്ന് വ്യക്തമാക്കിയിട്ടുണ്ടോ ;

(ഡി) ഇത്തരത്തിൽ ഇവിടെ ഭൂമി നഷ്ടപ്പെട്ട ആദിവാസികളുടെ ഭൂമി തിരികെ നല്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്നറിയിക്കുമോ ?

ഉത്തരം

(എ) കാറ്റാടി കമ്പനി ആദിവാസി ഭൂമി കൈയടക്കിയതുമായി ബന്ധപ്പെട്ട് അട്ടപ്പാടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ അന്വേഷണം നടത്തുകയും ഇതിനെത്തുടർന്ന് പാലക്കാട് ജില്ലാ കളക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1999-ലെ പട്ടികവർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും തിരിച്ചെടുക്കലും നിയമപ്രകാരമുള്ള നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റപ്പാലം RDO ഇതു സംബന്ധിച്ച നടപടികൾ എടുത്തിട്ടുണ്ട്. അട്ടപ്പാടിയിലെ കാറ്റാടി കമ്പനി പ്രശ്നവുമായി ബന്ധപ്പെട്ട് സർക്കാർ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നിയോഗിച്ച ഉന്നതതല

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സമിതിയുടെ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ച പ്രകാരമുള്ള നടപടികൾ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പും വൈദ്യുതി വകുപ്പും റവന്യൂ വകുപ്പും രജിസ്ട്രേഷൻ വകുപ്പും വനം വകുപ്പും ആഭ്യന്തര വകുപ്പും സ്വീകരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു. ചീഫ് സെക്രട്ടറി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അട്ടപ്പാടിയിലെ എല്ലാ ഭൂമിയുടെയും സർവ്വേ നടപടികൾ ആരംഭിക്കേണ്ടതുണ്ട്. ഇതിനായി റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ചീഫ് സെക്രട്ടറി റിപ്പോർട്ടിന്റെ Findings അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഇത്തരത്തിൽ ഇവിടെ ഭൂമി നഷ്ടപ്പെട്ട ആദിവാസികളുടെ ഭൂമി തിരികെ നൽകുന്നതിന് വേണ്ടി സമയബന്ധിതമായി സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പട്ടയം നൽകുന്നതിന് സമയം വേണ്ടി വരുമെന്നതിനാൽ അത് പൂർത്തിയാകുന്നതുവരെ കൈവശാവകാശരേഖ നൽകാനും തീരുമാനിച്ചിട്ടുണ്ട്.

ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള പദ്ധതികൾ

89(2341) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിനുള്ള ഏതൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത പദ്ധതി മുഖേന വൈദ്യുതീകരിച്ച കോളനികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ആദിവാസി കോളനികൾ വൈദ്യുതീകരിക്കുന്നതിനായി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻഡ് ഫണ്ട്, വിദ്യുച്ഛക്തി ബോർഡിന്റെ കോർപ്പസ് ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) 1. സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻഡ് ഫണ്ടിൽനിന്നും 163.368 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 40.113 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. വിദ്യുച്ഛക്തി ബോർഡിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും 265.284 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 405.376 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(സി) സംസ്ഥാന പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻഡ് ഫണ്ടുപയോഗിച്ച് വൈദ്യുതീകരിച്ച ആദിവാസി കോളനികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly